യൂണിറ്റിൽ കോഴിക്കോട്, കാസർഗോഡ്, കല്പറ്റ എന്നിവിടങ്ങളിലായി മൂന്നും ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ചു. കൂടാതെ ഹൈ ടെൻഷൻ/ എക്സ്ട്രാ ഹൈടെൻഷൻ മേഖലയെക്കൂടി ബോർഡിലെ ചീഫ് വിജിലൻസ് ആന്റ് സെക്യൂരിറ്റി ആഫീസറുടെ മേലധികാരത്തിൽ കൊണ്ടുവരികയും ആയതിന് ചുമതലക്കാരായി മൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ആന്റി പവർ തെഫ്റ്റ് യൂണിറ്റ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വൈദ്യുതി മോഷണത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

വൈദ്യുതി മോഷണവും വൈദ്യുതി ദുരുപയോഗവും തടയുന്നതിന് നടപടികൾ

112 (3912) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി മോഷണവും വൈദ്യുതി ദുരുപയോഗവും തടയുന്നതുവഴി എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ സാധിച്ചുവെന്നും ഈ ഇനത്തിൽ വൈദ്യുതി ബോർഡിനുള്ള സാമ്പത്തിക ലാഭമെത്രയെന്നും അറിയിക്കുമോ ?

ഉത്തരം

കണക്കാക്കിയിട്ടില്ല. എന്നാൽ വൈദ്യുതി മോഷണവും വൈദ്യുതി ദുരുപയോഗവുംവഴി 1-4-2001 മുതൽ 5/2003 വരെ 1,99,30,631 യൂണിറ്റ് വൈദ്യുതി നഷ്ടം ഉണ്ടായതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ പിഴയായി 24,85,71,228 രൂപ ചുമത്തിയിട്ടുണ്ട്. ആയതിനാൽ 7,91,29,444 രൂപ വസൂലാക്കിയിട്ടുണ്ട്. ബാക്കി തുക കോടതി കേസുകളിലും അപ്പീൽ പെറ്റീഷന്റെ തീർപ്പിലും വിധേയമായി പിരിഞ്ഞ് കിട്ടാനുള്ളതാണ്.

കേരള പവർ ഫിനാൻസ് കോർപ്പറേഷന്റെ ബോണ്ടുകൾ

113 (3913) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പവർ ഫിനാൻസ് കോർപ്പറേഷൻ 2003-ൽ പുതിയ ബോണ്ടുകൾ ഇഷ്യൂ ചെയ്യുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആകെ എത്ര കോടി രൂപയാണ് ഇതുവഴി ശേഖരിക്കാൻ കഴിഞ്ഞത് എന്ന് വെളിപ്പെടുത്താമോ ;

(സി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) ഈ ബോണ്ടുകൾക്കുള്ള പലിശ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2003 ജൂൺ–ജൂലായിൽ 300 (മൂന്നൂറ്) കോടി രൂപയുടെ ഒരു ബോണ്ട് ഇഷ്യൂ പൂർത്തിയായിട്ടുണ്ട്.

(ബി) 307.74 (മൂന്നിറ്റി ഏഴ് ദശാംശം ഏഴ് നാല്) കോടി രൂപ സമാഹരിച്ചു.

(സി) അഖിലേന്ത്യാ തലത്തിലുള്ള ഈ ബോണ്ട് ഇഷ്യൂവിൽ ബാങ്കുകൾ, വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ എന്നിവരാണ് നിക്ഷേപകർ. അതിനാൽ ജില്ല തിരിച്ച കണക്ക് ലഭ്യമല്ല.

(ഡി) ഏഴ് വർഷം കാലാവധി നിശ്ചയിച്ചിട്ടുള്ള പ്രസ്തുത ബോണ്ടിന്റെ പലിശ നിരക്ക് 10.25% (പത്ത് ദശാംശം രണ്ട് അഞ്ച്).

അറ്റകുറ്റപ്പണികൾക്ക് സാധനസാമഗ്രികൾ അലോട്ട് ചെയ്യുന്നതിലെ കാലതാമസം

114 (3914) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ സാധനസാമഗ്രികൾ സെക്ഷൻ ഓഫീസുകളിൽ അലോട്ട് ചെയ്യപ്പെടാതിരിക്കുന്നതിനാൽ അറ്റുകുറ്റപ്പണികൾ യഥാസമയം നടത്താൻ കഴിയാതെ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സെക്ഷൻ ഓഫീസുകളിൽ ജീപ്പില്ലാത്തതിനാൽ വൈദ്യുതി ലൈൻ പൊട്ടിവീഴുന്ന ഘട്ടത്തിൽ വളരെ പെട്ടെന്ന് ലൈൻ ഓഫ് ചെയ്യാനും അപകടാവസ്ഥ ഒഴിവാക്കാനും കഴിയാത്ത കാര്യം ബോർഡ് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഇതിന് പരിഹാരം കാണാൻ ബോർഡ് എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) അറ്റകുറ്റപ്പണിക്ക് ആവശ്യമായ സാധനസാമഗ്രികളുടെ ദൗർലഭ്യം ഉണ്ടായിട്ടുണ്ടെങ്കിലും ബോർഡിൽ ലഭ്യമായ സാധനങ്ങൾ അലോട്ട് ചെയ്ത് നൽകാത്തതിന്റെ പേരിൽ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താൻ കഴിയാതെ വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly